മദ്ധ്യാകാശത്തിങ്കൽ മണിപ്പന്തലിൽ

മണവാട്ടി സഭയുടെ വേളി നടക്കും

മഹിമയിൽ വാഴുന്ന മണവാളനായ്

മാലിന്യമേൽക്കാതെ നാം ഒരുങ്ങി നിൽക്ക

മദ്ധ്യാ...

വാനത്തിൽ മേഘത്തിൽ മദ്ധ്യവാനത്തിൽ

വന്നീടും കാന്തനായ് ഒരുങ്ങി നിൽക്ക

വീണ്ടെടുക്കപ്പെട്ട ദൈവജനമേ

വിശുദ്ധിയെ തികച്ച് നാം ഒരുങ്ങി നിൽക്ക

മദ്ധ്യാ.....1 മഹിമ....1

ഇത്രയും സ്നേഹം കിട്ടിയ ഒരു

മണവാട്ടി വേറെ ഇല്ലല്ലോ

ഇത്രയും ഭാഗ്യമേറിയ ഒരു

മണവാട്ടി പാരിലില്ലല്ലോ

ഇനിയും കുറഞ്ഞോന്നു കഴിയുന്നേരം

വരുവാനുള്ളവൻ വേഗം വന്നീടും

മദ്ധ്യാ.....1 മഹിമ....1

കുഞ്ഞാടിൻ കല്ല്യാണനാളിൽ

അന്നു ക്ഷണിക്കപ്പെട്ടോരെല്ലാവരും

കാന്തനോടു ചേർന്നിടുവാൻ

അവർക്കന്നാളിൽ ഭാഗ്യമുണ്ടാകും

ഇവിടെ കയറി വരിക എന്ന്

കർത്താവിൻ ഗംഭീര നാദം കേട്ടിടും

മദ്ധ്യാ.....1 മഹിമ....1

ഇത്രയും സ്നേഹം നൽകിയ ഒരു

മണവാളൻ വേറെയില്ലല്ലോ

ഇത്രമാം രക്ഷ നൽകിയ ഒരു

രക്ഷകൻ ഭൂവിലില്ലല്ലോ

സ്വന്തമാം ജീവനെ തന്നു വീണ്ടവൻ